പതിനാലാം കേരള നിയമസഭ

19-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1155 05.03.2020-ൽ മറുപടിക്ക്

## സംസ്ഥാനത്തിന് വെളിയിൽ കേരളത്തിനുള്ള വസ്തുക്കൾ

ചോദ്യം

ശ്രീ.രാജു എബ്രഹാം

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ
(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തിന് വെളിയിൽ കേരളത്തിനുള്ള വസ്തുവക കളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എ) സംസ്ഥാനത്തിന് വെളിയിൽ കേരളത്തിനുള്ള വസ്തുവകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | വസ്തുവിന്റെ വിസ്തീർണ്ണം | ഉടമസ്ഥാവകാശം (വകുപ്പ്) |
|---|---|---|---|
| 1 | കേരള ഹൗസ്, ന്യൂഡൽഹി | 2.496 ഏക്കർ | പൊതു ഭരണ വകുപ്പ് |
| 2 | ട്രാവൻകൂർ ഹൗസ്, ന്യൂഡൽഹി | 8.075 ഏക്കർ | പൊതു ഭരണ വകുപ്പ് |
| 3 | കപൂർത്തല പ്ലോട്ട്, ന്യൂഡൽഹി | 4.108 ഏക്കർ | പൊതു ഭരണ വകുപ്പ് |
| 4 | കേരള പവലിയൻ, പ്രഗതി മൈദാൻ, ന്യൂഡൽഹി | 0.40 ഏക്കർ | ഇന്ത്യൻ ട്രേഡ് പ്രമോഷൻ ഓർഗനൈസേഷൻ |
| 5 | ഉള്ളോക്ക് ഗാർഡൻ, ചെന്നൈ | 8.00 ഏക്കർ | ടൂറിസം വകുപ്പ് |
| 6 | കേരള ഹൗസ്, കന്യാകുമാരി | 1.645 ഹെക്ടർ | ടൂറിസം വകുപ്പ് |
| 7 | കുറ്റാലം കൊട്ടാരം, തമിഴ് നാട് | 56.68 ഏക്കർ | പൊതുമരാമത്ത് വകുപ്പ് |
| 8 | പത്മനാഭപുരം കൊട്ടാരം | 6.17 ഏക്കർ | പുരാവസ്തു വകുപ്പ് |
| 9 | ടിമ്പർ ഡിപ്പോ, ചെങ്കോട്ട | 5.823 ഹെക്ടർ | വനം വകുപ്പ് |
| 10 | ടിമ്പർ ഡിപ്പോ, പൊള്ളാച്ചി | 3.49 ഹെക്ടർ | വനം വകുപ്പ് |
| 11 | ടിമ്പർ ഡിപ്പോ, നഞ്ചംകോട്, കർണ്ണാടക | 2.40 ഹെക്ടർ | വനം വകുപ്പ് |
| 12 | സത്രം, വാരാണസി, ധർമ്മശാല | 17.5 സെന്റ് | കൊച്ചിൻ ദേവസ്വം ബോർഡ് |

| | |
|---|---|
| (ബി) ഇത്തരം വസ്തുവകകളിൽ എവിടെയെങ്കിലും കയ്യേറ്റം മൂലം ഭൂമി അന്യാധീനപ്പെടുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടോ;<br><br>(സി) ഉണ്ടെങ്കിൽ എവിടെയെന്നും എത്ര സ്ഥലമാണെന്നും എന്തൊക്കെ നടപടികളാണ് ഇതിനെതിരെ സ്വീകരിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) യും (സി) യും പൊതുമരാമത്ത് വകുപ്പിന്റെ കൈവശം തമിഴ് നാട്ടിലുള്ള കുറ്റാലം കൊട്ടാരത്തിന്റെ ഉടമസ്ഥത അവകാശപ്പെട്ടു കൊണ്ട് ശ്രീ.പത്മനാഭ ദാസ ഉത്രാടം തിരുനാൾ, ശ്രീ മൂലം തിരുന്നാൾ രാമവർമ്മ എന്നിവർ ബഹു.മദ്രാസ് ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന യഥാക്രമം WP(MD) 13737/2013, WP(MD) 18108/2015 എന്നീ റിട്ട് ഹർജികൾ പരിഗണിച്ച കോടതി, ബന്ധപ്പെട്ട വിഷയത്തിൽ കേരള സർക്കാർ, പെറ്റീഷണേഴ്സ് എന്നിവരെ നേരിൽ കേട്ട് തീരുമാനം കൈക്കൊള്ളാൻ തിരുനെൽവേലി RDO -യെ ചുമതലപ്പെടുത്തിക്കൊണ്ട് 13.07.2016-ൽ വിധി പുറപ്പെടുവിച്ചിരുന്നു. ടി കേസിൽ കേരള സർക്കാരിനനുകൂലമായി ആർ.ഡി.ഒ ഉത്തരവായി. ടി ഉത്തരവിനെതിരെ ശ്രീമൂലം തിരുനാൾ രാമവർമ്മ ഒരു കേസ് [WP(MD) No.11208/19] മദ്രാസ് ഹൈക്കോടതിയുടെ മധുര ബെഞ്ചിൽ ഫയൽ ചെയ്തിരിക്കുകയാണ്. ടി കേസിൽ സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിലേക്കായി വാദിക്കുന്നതിന് ഒരു അഡ്വക്കേറ്റിനെ നിയമിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദേശം നൽകിയിരുന്നു. മുകളിൽ പറഞ്ഞ കേസ് വാദിക്കുന്നതിലേക്കായി മധുര ബെഞ്ച് ഓഫ് മദ്രാസ് ഹൈക്കോർട്ടിലെ അഡ്വക്കേറ്റായ ശ്രീ. പ്രതാപ് സുദർശനൻ കെ.യെ അഡ്വക്കേറ്റ് ജനറൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ